"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷന്റെ കീഴിൽ സൃഷ്ടിച്ചിട്ടുള്ള പതിനാല് ജില്ലാ കോ-ഓർഡിനേറ്റർമാരിലെ കണ്ണൂർ, വയനാട് ജില്ലകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ അന്യത്ര സേവന കാലാവധി 21/12/2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

G.O.(Rt)No.289/2022/GEDN തീയതി,തിരുവനന്തപുരം, 12/01/2022

പരാമർശം:- 1. സ.ഉ( സാ.ധാ )നം.5447/2019/പൊ.വി.വ തിയതി 11/12/2019

2. സ.ഉ(സാധാ) നം.112/2021/പൊ.വി.വ തിയതി 15/01/2021

3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/12/2021-ലെ 96/2019/KEM നമ്പർ കത്ത്

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷന്റെ കീഴിൽ സൃഷ്ടിച്ചിട്ടുള്ള ജില്ലാ കോ-ഓർഡിനേറ്റർമാരുടെ തസ്തികയിൽ വയനാട് ജില്ലാ കോ-ഓർഡിനേറ്ററായി ശ്രീ.വിൽസൻ തോമസിനേയും (HSST(HG) ജി.എച്ച്.എസ്.എസ് മേപ്പാടി വയനാട്), കണ്ണൂർ ജില്ലാ കോ-ഓർഡിനേറ്ററായി ശ്രീ.പ്രദീപൻ.പി.വിയേയും (HSST(HG) ഇക്കണോമിക്സ്, ജി.എച്ച്.എസ്.എസ് തോട്ടട കണ്ണൂർ) അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് പരാമർശം ( 1) പ്രകാരം ഉത്തരവായിരുന്നു .

2) പ്രസ്തുത ഉദ്യോഗസ്ഥരുടെ അന്യത്ര സേവന കാലാവധി 23/12/2021-ൽ അവസാനിക്കുന്നതിനാലും മിഷന്റെ സുഗമമായ പ്രവർത്തനത്തിന് ഇവരുടെ സേവനം അനിവാര്യമായതിനാലും കണ്ണൂർ, വയനാട് ജില്ലകളിലെ കോ -ഓർഡിനേറ്റർമാരുടെ അന്യത്ര സേവന കാലാവധി 24/12/2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ നൽകണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ വയനാട് ജില്ലാ കോ-ഓർഡിനേറ്ററായി വയനാട് ജില്ലയിലെ മേപ്പാടി ജി.എച്ച്.എസ്.എസിലെ എച്ച്.എസ്.എസ്.റ്റി (HG) ഹിസ്റ്ററി അദ്ധ്യാപകൻ ശ്രീ.വിൽസൺ തോമസ്, കണ്ണൂർ ജില്ലാ കോ- ഓർഡിനേറ്ററായി കണ്ണൂർ ജില്ലയിലെ തോട്ടട ജി.എച്ച്.എസ്.എസിലെ എച്ച്.എസ്.എസ്.റ്റി (HG) എക്കണോമിക്സ് അദ്ധ്യാപകൻ ശ്രീ.പ്രദീപൻ.പി.വി എന്നിവരുടെ അന്യത്ര സേവനകാലാവധി കെ.എസ്.ആർ ഭാഗം 1 ലെ അന്യത്ര സേവന വ്യവസ്ഥയുടെ ചട്ടങ്ങൾക്ക് വിധേയമായി 24/12/2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Mohamad Haneefa M M
Joint Secretary

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (HSE). തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം.
5. ഡയറക്ടർ, SCERT, തിരുവനന്തപുരം.
6. ഡയറക്ടർ, SIET, തിരുവനന്തപുരം.
7. ഡയറക്ടർ, സീമാറ്റ് - കേരള , തിരുവനന്തപുരം.
8. ബന്ധപ്പെട്ട ഡി.ഡി.ഇ / ആർ.ഡി.ഡി / എ.ഡി / ഡി.ഇ.ഒ / എ.ഇ.ഒ (ഡി.ജി.ഇ മുഖേന)
9. മാനേജിംഗ് ഡയറക്ടർ, ഇൻകെൽ, തിരുവനന്തപുരം.
10. റീജിയണൽ മാനേജർ, WAPCOS Ltd, ജവഹർ നഗർ, എറണാകുളം.
11. ഡയറക്ടർ ജനറൽ, കില, മുളങ്കുന്നത്തു കാവ് പി.ഒ, തൃശ്ശൂർ.
12. ബന്ധപ്പെട്ട അദ്ധ്യാപകർക്ക് (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖാന്തിരം).
13. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
14. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 13-01-2022 10:40:35
Reason: Approved

പകർപ്പ് :- പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ